**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1731** **08-02-2023 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിൽ റദ്ദ് ചെയ്ത തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ഡോ. ആർ ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഓരോന്നിലും 2016 മുതൽ 2022 വരെയുള്ള കാലയളവിൽ എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ റദ്ദു ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **കേരള സർവ്വകലാശാലയിൽ 2016 മുതൽ 2022 വരെയുള്ള കാലയളവിൽ അദ്ധ്യാപക തസ്തികകൾ റദ്ദു ചെയ്തിട്ടില്ല. കേരള സർവ്വകലാശാല യിൽ 2016 മുതൽ 2022 വരെയുള്ള കാലയളവിൽ റദ്ദ് ചെയ്ത അനദ്ധ്യാപക തസ്തികകൾ ചുവടെ ചേർക്കുന്നു.**<br><br>തസ്തികയുടെ പേര് — എണ്ണം<br>ഓവർസിയർ ഗ്രേഡ് 1 (ഇലക്ട്രിക്കൽ) — 1<br>ജോയിന്റ് രജിസ്ട്രാർ — 1<br>അസിസ്റ്റന്റ് രജിസ്ട്രാർ — 2<br>**ആകെ എണ്ണം :** — 4<br><br>**കണ്ണൂർ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, എ. പി. ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നീ സർവ്വകലാശാലകളിൽ 2016 മുതൽ 2022 വരെയുള്ള കാലയളവിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ റദ്ദു ചെയ്തിട്ടില്ല.** |
| (ബി) | പ്രസ്തുത കാലയളവിൽ റദ്ദു ചെയ്ത തസ്തികകൾ ഏതൊക്കെയാണെന്ന് എണ്ണം ഉൾപ്പെടെ വ്യക്തമാക്കാമോ? | (ബി) | A യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ